"ഭരണഭാഷ-മാതൃഭാഷ-"

## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം: ശ്രീ.വി.എൻ.ജിതേന്ദ്രൻ)

തിരുവനന്തപുരം

ഉത്തരവ് നം.: E1-34615/13. തീയതി: 21-4-2015

---

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. 1.8.2014-ലെ E9/2900/2014/DSJ(2)നം. ഗസറ്റ് നോട്ടിഫിക്കേഷൻ.
2. GO(P)നം.23/2010/സാ.ക്ഷേ.വ തീയതി: 30.3.2010.

സാമൂഹ്യനീതി വകുപ്പിൽ ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേക്ക് 1:4 അനുപാതത്തിൽ നേരിട്ടുള്ള നിയമനവും സ്ഥാനക്കയറ്റം മുഖേനയുള്ള നിയമനവുമാണ് പരാമർശം (2) -ലെ വിശേഷാൽ ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത്. വകുപ്പിലെ ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിൽ നിലവിൽ 34 ഒഴിവുകളാണുള്ളത്. ഈ 34 ഒഴിവുകൾ നിലവിലുണ്ടെങ്കിലും, ഇതിൽ 30 തസ്തികകൾ KPSC വഴി നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ശേഷിച്ച 4 ഒഴിവുകളാണ് ഉദ്യോഗക്കയറ്റം വഴി നികത്താനുള്ളത്.

(2) CDPO തസ്തികയിലെ ഫീഡർ കാറ്റഗറിയിലെ ഓരോ വിഭാഗത്തിനുമുള്ള കേഡർ സ്ട്രെങ്ത്, നിലവിലുള്ളവരുടെ എണ്ണം, ഒഴിവ് വിവരം എന്നിവയടങ്ങിയ വിശദമായ സ്റ്റേറ്റ്മെന്റ് ചുവടെ ചേർക്കുന്നു.

| | | നേരിട്ടുള്ള നിയമനം | ഉദ്യോഗക്കയറ്റം - ICDS – സൂപ്പർവൈസർ വിഭാഗത്തിൽ നിന്ന് | അഭിപ്രായം |
|---|---|---|---|---|
| ആകെ കേഡർ സ്ട്രെങ്ത് | 258 | 52 | 206 | നിയമനാനുപാതം 1:4 (നേരിട്ടുള്ള നിയമനം : ഉദ്യോഗക്കയറ്റം) |
| നിലവിലുള്ള ജീവനക്കാരുടെ എണ്ണം | 224 | 22 | 202 | |
| ഒഴിവുകൾ | 34 | 30 | 4 | |

(3) ഉദ്യോഗക്കയറ്റം വഴി നികത്താനുള്ള ശിശുവികസപദ്ധതി ഓഫീസർമാരുടെ 4 തസ്തികകളിലേക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിന് 2015 വർഷത്തെ സെലക്ട് ലിസ്റ്റ് തയ്യാറായിട്ടില്ല. എന്നാൽ 2014-ലെ സെലക്റ്റ് ലിസ്റ്റിൽ ഇനിയും 9 പേർ അവശേഷിക്കുന്നുണ്ട്. തനത് വർഷത്തിൽ സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കാത്ത പക്ഷം മുൻവർഷത്തെ സെലക്റ്റ് ലിസ്റ്റിന് പ്രാബല്യമുണ്ടാകുമെന്ന് K&SSR ചട്ടം 28(b)(i)(9) അനുശാസിക്കുന്നു. ഇപ്രകാരം പരാമർശം (1)ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ ചേർക്കുന്ന ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ, ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിന് അർഹരാണ്.

| ക്രമ നം. | ജീവനക്കാരിയുടെ പേര് | 2014-ലെ സെലക്ട് ലിസ്റ്റിലെ ക്രമ നം. |
|---|---|---|
| 1. | ശ്രീമതി. വി.ജി.ലളിതകുമാരി | 34 |
| 2. | ശ്രീമതി. കെ.കെ.മേരി | 35 |
| 3. | ശ്രീമതി. എ.പി.ചിന്നമ്മ | 36 |
| 4. | ശ്രീമതി. ഒ.കൃഷ്ണകുമാരി | 37 |

(4) മേൽ ജീവനക്കാരെ KS &SSR ചട്ടം 28(എ)(1) പ്രകാരം 18740-33680/- രൂപ ശമ്പള സ്കെയിലിൽ ശിശുവികസന പദ്ധതി ഓഫീസർമാരായി ഉദ്യോഗക്കയറ്റം നൽകി ചുവടെ അവരുടെ പേരിനു നേരെ ചേർത്തിട്ടുള്ള കാര്യാലയങ്ങളിൽ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ജീവനക്കാരിയുടെ പേര് , തസ്തിക ഇപ്പോൾ ജോലിനോക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന കാര്യാലയം | അഭിപ്രായം |
|---|---|---|---|
| 1. | ശ്രീമതി. വി.ജി.ലളിതകുമാരി<br>സൂപ്പർവൈസർ<br>ICDS ചാലക്കുടി അഡീഷണൽ | ശിശുവികസന പദ്ധതി ഓഫീസർ,<br>ICDS മങ്കട | |
| 2. | ശ്രീമതി. കെ.കെ.മേരി<br>സൂപ്പർവൈസർ<br>ICDS ഇളംദേശം | ശിശുവികസന പദ്ധതി ഓഫീസർ,<br>ICDS വടകര | |
| 3. | ശ്രീമതി. എ.പി.ചിന്നമ്മ<br>സൂപ്പർവൈസർ<br>ICDS കൂത്തുപറമ്പ് | ശിശുവികസന പദ്ധതി ഓഫീസർ,<br>ICDS ഇരിട്ടി അഡീ. | |
| 4. | ശ്രീമതി. ഒ.കൃഷ്ണകുമാരി<br>സൂപ്പർവൈസർ<br>ICDS നേമം അഡീഷണൽ | ശിശുവികസന പദ്ധതി ഓഫീസർ,<br>ICDS പയ്യന്നൂർ അഡീ. | |

**DB/15/pro/21.4.15**

(5) ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരെ കാര്യാലയ മേധാവി അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതാണ്. ജീവനക്കാരുടെ വിടുതൽ / പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിലേയ്ക്ക് യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**(ഒപ്പ്)**
**സാമൂഹ്യനീതി ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:-

1. അക്കൗണ്ടന്റ് ജനറൽ (A&E), തിരുവനന്തപുരം (with C/L)
2. എല്ലാ ആർ.എ.ഡി.മാർക്കും.
3. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.
4. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
5. E1 മുതൽ E9 സീറ്റ് വരെ.
6. സ്റ്റോക്ക് ഫയൽ / സ്പെയർ.

**ഉത്തരവിൻപ്രകാരം**

**സൂപ്രണ്ട്**

**DB/15/pro/21.4.15**